File No.HEDN-L1/1151/2020-HEDN

'ഭരണഭാഷ -മാതൃഭാഷ'

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ഉന്നത വിദ്യാഭ്യാസം - കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിൽ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരു ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തിക വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥിരമായി ഷിഫ്റ്റ് ചെയ്തു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നതവിദ്യാഭ്യാസ (എൽ) വകുപ്പ്**

**സ.ഉ.(സാധാ)നം. 733/2020 /ഉ.വി.വ** **തീയതി, തിരുവനന്തപുരം,08.06.2020**

---

പരാമർശം:- 1. 07.08.2017-ലെ ജി.ഒ(പി) നം. 102/2017/ഫിൻ നം ഉത്തരവ് .
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 28.01.2020,ലെ എൽ 1/23071/2019 നം. കത്ത്.

<u>**ഉത്തരവ്**</u>

കണ്ണൂർ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ വിഭാഗത്തിൽ ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തിക അധികമുള്ളതായി എഞ്ചിനീയറിംഗ് കോളേജുകളിലെ ലാബ് സ്റ്റാഫിൻെറ പാറ്റേൺ നിശ്ചയിക്കുന്നത് സംബന്ധിച്ച തയ്യാറാക്കിയ റിപ്പോർട്ടിൽ കണ്ടെത്തിയിട്ടുള്ളതിനാലും , വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിലെ പ്ലംബിംഗ് / ഹൈഡ്രോളിക്സ് ലാബിൽ ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തികയുടെ അഭാവം ലാബിൻെറ സുഗമമായ പ്രവർത്തനത്തെ ബാധിക്കുന്നതിനാലും , കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ മെക്കാനിക്കൽ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒരു ട്രേഡ് ഇൻസ്ട്രക്ടർ.Grade II തസ്തിക വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥിരമായി ഷിഫ്റ്റ് ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ പരാമർശം 2 പ്രകാരം ശിപാർശ ചെയ്തിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻെറ അടിസ്ഥാനത്തിൽ , കണ്ണൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിലെ ഒരു ട്രേഡ് ഇൻസ്ട്രക്ടർ ഗ്രേഡ് II തസ്തിക വയനാട് സർക്കാർ എഞ്ചിനീയറിംഗ് കോളേജിലേയ്ക്ക് സ്ഥിരമായി ഷിഫ്റ്റ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു..

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )
**ശ്രീദേവി ഇ. എസ്.**
**അണ്ടർ സെക്രട്ടറി**

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, കണ്ണൂർ
പ്രിൻസിപ്പൽ,സർക്കാർ എഞ്ചിനീയറിംഗ് കോളേജ്, വയനാട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ&ഇ), കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്(വെബ് & ന്യൂ മീഡിയ).
www.highereducation.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**